# മുണ്ടശ്ശേരിമാഷ് എൻെറ ഗുരു

പ്രൊഫ: എം. ടി. ആൻറണി



മുണ്ടശ്ശേരിമാഷെ കുറിച്ച് പലർക്കും പല അഭിപ്രായങ്ങൾ ഉണ്ടാകും. കാരണം അദ്ദേഹം പല വിഷയങ്ങളിലും (Versatile) വൈദ്ഗ്ദ്ധ്യം പ്രകടിപ്പിച്ച അസാമാന്യ വ്യക്തിത്വത്തിനുടമയായിരുന്നു. നാല് പതിറ്റാണ്ട് നീണ്ട് നിന്ന നിരൂപണ കലോപാസനയിലൂടെ ശ്രീ മുണ്ടശ്ശേരി മലയാള ഭാഷക്ക് നിരൂപണത്തിൻെറ ഒരു നിർവ്വചനം നൽകിയെന്ന് പലരും ഇന്ന് ഓർമ്മിക്കുന്നുണ്ടോ എന്ന് സംശയമാണ്. ശ്രീ മുണ്ടശ്ശേരിക്ക് മുമ്പ് മലയാളത്തിൽ ശ്രീ അച്യുതമേനോൻ വിദ്യ വിനോദിനിയിലും, സ്വദേശാഭിമാനി രാമക്രുഷ്ണപിള്ള ആത്മ പോഷിണിയിലും ശ്രീ ബാലക്രുഷ്ണപിള്ള കേസരിയിലും അന്ന് ഇറങ്ങിയിരുന്ന പുസ്തകങ്ങളെക്കുറിച്ച് അഭിപ്രായങ്ങൾ എഴുതിയിരുന്നു. പക്ഷെ ഇവരാരും തന്നെ ഈ അഭിപ്രായങ്ങളെ ഗൗരവതരമായ ഒരു നിരൂപണ സമ്പ്രദായത്തിലേക്ക് ഉയർത്തണമെന്ന് ചിന്തിച്ചിരുന്നില്ല. ഇംഗ്ലീഷ്, മലയാളം, സംസ്ക്രുതം എന്നീ ഭാഷകളിൽ നിപുണനായ മുണ്ടശ്ശേരി മാഷ് വെറുമൊരു പുസ്തകാഭിപ്രായത്തെ വേറിട്ടൊരു സാഹിത്യശാഖയായി പരിഗണിച്ചിരുന്നില്ല. നിരൂപണം എന്ന ശക്തിയായ ഒരു സാഹിത്യശാഖ മലയാള ഭാഷക്ക് സമ്മാനിക്കുന്നതിൽ മുണ്ടശ്ശേരി മാഷുടെ ക്രാന്തദർശിത്വവും, അറിവും പ്രമുഖ ഘടകങ്ങളായിരുന്നു എന്ന് മനസിലാക്കാം.രചനകളുടെ രൂപഭദ്രതയെപ്പറ്റി, മതഗ്രന്ഥങ്ങൾ വ്യാഖാനിക്കുന്നപോലെ ഒരു സാഹിത്യ വ്യാഖ്യനത്തെപ്പറ്റി അദ്ദേഹം എഴുതുകയും അത് മലയാള ഭാഷക്ക് ഒരു പുതിയ അനുഭവമാകുകയും ചെയ്തു,

ഞാൻ സെൻറ് തോമസ്സ് കോളേജിൽ (ത്രുശ്ശൂർ) ഇൻെറർമീഡിയറ്റ് വിദ്യാർത്ഥിയായിരുന്നപ്പോഴാണ് മുണ്ടശ്ശേരി മാഷെ പരിചയപ്പെടുന്നത് അന്ന് അദ്ദേഹം അവിടെ അദ്ധ്യാപകനായിരുന്നു. അവിടെ അന്ന് ശ്രീ എം.പി.പോളും പഠിപ്പിച്ചിരുന്നു. ഭാവിയിൽ എൻെറ ശ്വശുരനാകുമെന്ന് ഞാൻ പ്രതീക്ഷിക്കാതിരുന്ന ഡോക്ടർ എ.ജെ. തേറാട്ടിൽ അവിടെ എക്ണോമിക്സ് പഠിപ്പിച്ചിരുന്നു. വിദ്യാർഥി ജീവിതം വളരെ രസകരവും സുഖകരവുമായിരുന്നു. വിദ്യാർഥികളും അദ്ധ്യാപകരും തമ്മിൽ പാവനമായ ഒരു ഗുരു ശിഷ്യ ബന്ധം നില നിന്നിരുന്നു. എങ്കിലും വിദ്യാർഥികളായ ഞങ്ങൾക്ക്

ദുസ്വാതന്ത്ര്യങ്ങളോട് ചെറിയ മമതയുണ്ടായിരുന്നു. എല്ലാവർക്കും അൽപ്പം രാഷ്ട്രീയം, കല, തുടങ്ങിയവയുണ്ടായിരുന്നു. ആൺകുട്ടികളുടെ മാത്രം കോളേജായിരുന്നത്കൊണ്ട് പ്രേമ വിപ്ലവങ്ങളും അതുണ്ടാക്കുന്ന പുലിവാലുകളുമില്ലായിരുന്നു. ഞാനും കൂട്ടുകാരും രാഷ്ട്രീയത്തിലും എഴുത്തിലും കമ്പമുള്ളവരായിരുന്നു.



ഇ.എം.എസ്. മന്ത്രിസഭ

കുട്ടികളുടെ സാഹിത്യവാസനകൾ കണ്ടറിയാനും അതിനെ വികസിപ്പിക്കാനും ഇറക്കിയിരുന്ന കോളെജ് മാസികയിൽ ആയിടക്ക് ഞാൻ ഒരു ലേഖനം എഴുതി. കൃത്യമായി അതിൻെറ തലക്കെട്ട് ഓർമ്മയില്ലെങ്കിലും അത് നേത്രുത്വത്തെക്കുറിച്ചുള്ള എൻെറ തീഷ്ണമായ ചിന്തകളായിരുന്നു. അതെഴുതി കൊടുത്ത് അങ്ങനെ കോളേജ് ഗ്രൗണ്ടിൽ കൂട്ടുകാരൊത്ത് വിലസി നടക്കുമ്പോൾ കോളേജ് ശിപായി വന്ന് എന്നെ അന്വേഷിച്ചു. കൂട്ടുകാരൊക്കെ പരിഭ്രമിച്ചു. "മുണ്ടശ്ശേരി മാഷ് എന്നെ കാണണമെന്നറിയിച്ചിരിക്കുന്നു. ധൈര്യം സംഭരിച്ച് ഞാൻ ചെന്നു. മുറുക്കി ചുവപ്പിച്ച ചുണ്ടുകളിൽ ഒരു കുസ്രതി ചിരിയാണു കണ്ടത്. ആവൂ, സമാധാനമായി. "തൻെറ ലേഖനം വായിച്ചു. ഇത് താൻ വല്ലയിടത്തും നിന്നും പൊക്കിയതാണോ?" പൊക്കിയതാണൊ എന്ന സംശയം എൻെറ ആത്മവിശ്വാസം കൂട്ടി. ലേഖനം നന്നായി എന്നാണല്ലോ അതിൻറയർഥം. ഞാൻ സത്യം പറഞ്ഞു. മാഷ് വളരെ സന്തോഷിക്കയും അതിൽ പിന്നെ എന്നെ ഒരു വത്സല ശിഷ്യനായി കൂട്ടുകയും ചെയ്തു. മാഷിൻെറ അംഗീകാരം, കൗമാരം വിട്ട യൗവ്വനദശയിൽ എനിക്ക് ഒത്തിരി സന്തോഷവും ഇത്തിരി ഗമയും നൽകി. ഞാൻ കൂടുതൽ കുത്തിക്കുറിക്കലുകൾ അന്ന് നടത്തി. പിൽക്കാലത്ത് ഒരു വിഷയത്തെപ്പറ്റി എങ്ങനെ പ്രതിപാദിക്കണമെന്ന അറിവിൻെറ ഒരു അടിത്തറ അത്തരം സർഗ്ഗ പ്രക്രിയകൾ എന്നെ സഹായിച്ചു..

ആയിടക്കായിരുന്നു മാഷ് "അരണാട്ടുകര" നിയോജകമണ്ഡലത്തിൽ ഒരു സ്ഥാനാർഥിയായി മത്സരിക്കാൻ തീരുമാനിച്ചത്. ഞാൻ വളരെ ആവേശത്തോടെ മാഷിൻെറ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി സഹകരിച്ച് നടന്നു. അങ്ങനെ ഞാൻ ചെയ്തത് മാഷിനോടുള്ള സ്നേഹവും ബഹുമാനവുമെന്നതിൽ കവിഞ്ഞ് മാഷ് മത്സരിക്കുന്ന പാർട്ടിയുടെ ആർജ്ജവവും ലക്ഷ്യവും നല്ലതെന്ന് തോന്നിയത് കൊണ്ടാണു. ഇന്നും ഈ വയസ്സിലും എനിക്ക് എൻേറതായ ആദർശങ്ങളും വിശ്വാസങ്ങളുമുണ്ട്. ഞാൻ മാഷിനു വേണ്ടി പ്രവർത്തിക്കുമ്പോൾ മാഷിനു എതിർ കക്ഷിയായി നിന്നത് എൻെറ വല്യപ്പൻെറ മകനായിരുന്ന എം.വി. ആഗസ്റ്റിനായിരുന്നു.

സ്വന്തം ചേട്ടനായത് കൊണ്ട് അദ്ദേഹത്തിനു വേണ്ടി പ്രവർത്തിക്കണമെന്ന് ഞാൻ ചിന്തിച്ചതേയില്ല. ഞാൻ മുണ്ടശ്ശേരി മാഷിന്റെ വിജയത്തിനായി സജീവമായി പ്രവർത്തിച്ചു. അങ്ങനെ ചേട്ടനെ തോൽപ്പിച്ച് പ്രിയ ഗുരുവിനു ജയിക്കാൻ വേണ്ട എല്ലാ കാര്യങ്ങളിൽ മുഴുകി. പഠിത്തം കുറച്ച് കുറഞ്ഞ് പോകുന്നുവെന്നു അപ്പൻ മനസ്സിലാക്കിയിരുന്നു. എന്റെ അപ്പൻ വളരെ സ്നേഹസമ്പന്നനും കുട്ടികളോട് പ്രത്യേകം വാത്സല്യമുള്ളയാളുമായിരുന്നു. എങ്കിലും സ്നേഹത്തിന്റെ അമിത പ്രകടനം അദ്ദേഹത്തിനു വശമില്ല. അമ്മയും അതേപോലെ വളരെ ദൈവ ഭക്തയും മക്കളുടെ നന്മക്കായി എപ്പോഴും മുട്ടിപ്പായി പ്രാർഥിക്കുന്ന ഒരു സാധ്വിയുമായിരുന്നു. തിരഞ്ഞെടുപ്പിന്റെ ഉത്സാഹവുമായി നടക്കുന്ന ഞാൻ വിദ്യാഭ്യാസകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്ന് വീട്ടിലുള്ളവർക്ക് സംശയം തോന്നി. മക്കളുടെ പ്രായത്തിനനുസരിച്ചുള്ള അവരുടെ കുസ്രുതിത്തരങ്ങൾ വക വച്ച് കൊടുക്കുന്നവരാണു മാതാപിതാക്കൾ എങ്കിലും പഠിത്തത്തിൽ ഉപേക്ഷ കാണിക്കരുതെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു.

വീട്ടിൽ ധാരാളം പൂക്കൾ വച്ച് പിടിപ്പിച്ച പൂന്തോട്ടമുണ്ടായിരുന്നു. എന്റെ സഹോദരിമാരും അമ്മയും ചെടികളെ ശുശ്രൂഷിച്ചും വളം നൽകിയും പരിപാലിക്കുന്നത് കൊണ്ട് മനോഹരമായ പൂക്കൾ വിരിഞ്ഞ് വീടിന്റെ മുൻ വശത്തിനു ശോഭയും സുഗന്ധവും നൽകി. ഞാനതിന്റെ ഭംഗി നുകർന്നിരുന്നതിൽ കവിഞ്ഞ് അവിടെ എന്റേതായി എന്തെങ്കിലും ചെയ്യാനോ മുതിർന്നില്ല. അപ്പൻ സ്വന്തം മക്കളെപോലെ പൂക്കളെ സ്നേഹിച്ചു. എന്റെ വീട്ടിൽ റോസാപൂക്കളുണ്ടെന്ന് അപ്പൻ പറയുന്നത് മക്കളെ കുറിച്ചായിരുന്നു. പൂക്കളെപോലെ മനസ്സുള്ള മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും സാമീപ്യമേറ്റ എന്നിലും കരുണയുടെ ആർദ്ര ഭാവങ്ങൾ എപ്പോഴുമുണ്ടായിരുന്നു. "സ്നേഹമാണഖിലസാരമൂഴിയിൽ.." എന്ന ആശാൻ വചനത്തിൽ എനിക്കും വിശ്വാസമായിരുന്നു.

പഠിപ്പിൽ നിന്നും ദൈവവിശ്വാസങ്ങളിൽ നിന്നും എന്റെ ശ്രദ്ധ പാളിപോകുന്നതായി അമ്മക്ക് സംശയം തോന്നി. എല്ലാവരും ഉച്ച കുർബ്ബാനക്ക് പോകാനൊരുങ്ങി പോകുന്നത് നോക്കി മൗനിയായി ചിലപ്പോൾ ഞാൻ ഇരിക്കാറുള്ളതും ആ സമയത്ത് അമ്മ നൽകിയ ഉപദേശവും ഇന്നും ഞാൻ ഓർമ്മിക്കുന്നു. അമ്മ എന്നെ വിളിച്ച് ഒരു ദിവസം ചോദിച്ചു. " ആന്റണി, ഞാൻ എന്തിനാണു പള്ളിയിൽ പോകുന്നതെന്ന് നിനക്കറിയ്യോ?" അമ്മയുടെ ചോദ്യം കേട്ട് ഞാൻ അമ്പരന്നു. എന്തുകൊണ്ടാണു അമ്മ അങ്ങനെ ചോദിക്കുന്നതെന്ന് അന്ന് എനിക്കറിയില്ലായിരുന്നു. കർത്താവിനോട് മുട്ടിപ്പായി പ്രാർത്ഥിക്കാനല്ലേ, അമ്മേ.? അമ്മ അതിനു മറുപടിയായി ഒരു ചോദ്യം ചോദിച്ചു. ഞാൻ ആർക്കു വേണ്ടിയാണു പ്രാർഥിക്കുന്നത്.? എനിക്കപ്പോൾ യൗവ്വനത്തിന്റെ മുൻ കോപം കുറേശ്ശേ വന്ന് തുടങ്ങി. ഞാൻ ഉച്ചത്തിൽ പറഞ്ഞു: ഞങ്ങൾക്കൊക്ക് വേണ്ടി, അമ്മ എന്തിനാണിതൊക്കെ ഇപ്പോൾ എന്നോട് ചോദിക്കുന്നത്. എന്റെ ബാലിശമായ കോപം കണ്ട് അമ്മ പുഞ്ചിരിച്ചു. അമ്മ പറഞ്ഞു –എനിക്ക് ഇത്രയൊക്കെയറിയുള്ളു. ചെറുപ്പം തൊട്ട് പള്ളിയിൽ പോയി തുടങ്ങി, ഇപ്പോഴും പോകുന്നു. അത് എനിക്ക് സന്തോഷവും സമാധാനവും നൽകുന്നു.എനിക്ക്

വേറെയൊന്നുമറിയില്ല. മദ്രാസ്സിൽ പോയി പഠിച്ച നിനക്ക് ഇപ്പോൾ അറിവും വിവരവുമുണ്ട്. എന്നെ സന്തോഷിപ്പിക്കാൻ വേണ്ടി നീ പള്ളിയിൽ വരണമെന്നില്ല. നീ നിൻെറ പഠിത്തത്തിൽ വീഴ്ച് വരത്തരുത്. തിരഞ്ഞെടുപ്പെന്നൊക്കെ പറഞ്ഞ് സമയം കളയരുത്. മക്കൾക്ക് വേണ്ടി പ്രാർഥിക്കാൻ മാത്രമേ അമ്മമ്മാർക്കറിയുള്ളു. ഞാൻ അമ്മയുടെ പ്രിയപുത്രൻ അത് കേട്ട് സങ്കടപ്പെട്ടു. എൻെറ കോപം അമ്മയോടുള്ള സ്നേഹപാരമ്യത്തിൻെറ ഒരു പ്രതിഫലനം മാത്രമായിരുന്നു. എനിക്ക് എൻെറ അമ്മ ജീവനായിരുന്നു. സഹിഷ്ണതയുടേയും ഹ്രുദയലാളിത്യത്തിൻേറയും ഒരു സ്നേഹമൂർത്തിയായിരുന്നു എൻെറ അമ്മ. ഞാൻ ഇൻെറർമീഡിയറ്റ് പരീക്ഷ ജയിച്ചു.

നാട്ടിൽ നിർത്തി പഠിപ്പിച്ചാൽ ഒരു പക്ഷെ എൻെറ ശ്രദ്ധ വിദ്യാഭ്യാസ കാര്യത്തിൽ വേണ്ട വിധം പതിഞ്ഞില്ലെങ്കിലോ എന്ന് തോന്നിയത് കൊണ്ടാകാം അല്ലെങ്കിൽ വളരെ പ്രസിദ്ധമായ കലാലയത്തിൽ മകനെ പഠിപ്പിക്കുക എന്ന ഉദ്ദേശ്യം കൊണ്ടാകാം വീട്ടുകാർ എന്നെ മദ്രാസ് ക്രുസ്ത്യൻ കോളെജിൽ പഠിപ്പിക്കാനയച്ചു. കോളേജിൽ ചേരാൻ പോകുന്നതിൻെറ തലേദിവസം അപ്പൻ ചോദിച്ചു. " കളി വിനോദങ്ങളൊക്കെ കഴിഞ്ഞില്ലേ, ഇനി പോയി വളരെ ഉത്തരവാദിത്വത്തോടെ പഠിച്ച് മിടുക്കനായി വരുക" ശരിയെന്ന് ഞാൻ സമ്മതിച്ചപ്പോൾ "തിരുഹ്രുദയത്തിൻെറ മുമ്പിൽ കുരിശ് വരച്ച് നല്ലോണം പ്രാർഥിക്കുക എന്ന് ഉപദേശിച്ചു. എല്ലാ അച്ചടക്കത്തോടും കൂടി ഞാൻ മാതാപിതാക്കളെ എന്നു അനുസരിച്ച് പോന്നിട്ടുണ്ട്. അവർക്കും എന്നിൽ വിശ്വാസവും സ്നേഹവും എന്നുമുണ്ടായിരുന്നു. ഏതൊരു വിദ്യാർഥിയേയും പോലെ ഞാനും നവ യൗവ്വനത്തിൻെറ വാശിയിലും ആവേശത്തിലും പ്രിയങ്കരനായ ഗുരുവിനു വേണ്ടി കുറച്ച് സമയം ചിലവഴിച്ചതാണു.

മദ്രാസ്സിലെ (ഇന്നത്തെ ചെന്നൈ) ജീവിതം എനിക്ക് ഒരു പുതുമയായിരുന്നു. മലയാള ഭാഷ കൊഞ്ചി കുഴ്യുന്ന പോലെയുള്ള തമിൾ കേൾക്കാൻ നല്ല രസമായിരുന്നു. കുറെയൊക്കെ മനസ്സിലാക്കാനും. മലയാളം തമിഴിൽ നിന്ന് വന്നതാണെന്ന് എനിക്ക് അന്ന് തോന്നതിരുന്നില്ല. കോളേജ് അന്തരീക്ഷവും പ്രൗഢഗംഭീരമായിരുന്നു. പല സംസ്ഥാനങ്ങളിൽ നിന്നുമുള്ള കുട്ടികൾ ഉണ്ട്. അവിടെ വച്ചാണു ഞാൻ ഒ.വി.വിജയനെ പരിചയപ്പെടുന്നത്. വിജയൻ അന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദനന്തര ബിരുദം നേടാൻ പഠിക്കയാണു്. ഞാൻ മലയാള സാഹിത്യം എം.എ.യ്ക്കും.സാഹിത്യത്തോടുള്ള എൻെറ കമ്പം ഇവിടെ വന്നപ്പോൾ മുതൽ വർദ്ധിച്ചു. ജയകേരളം എന്ന ഒരു മാസിക അന്ന് മദ്രാസ്സിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു. അതിലേക്ക് ധാരാളം ലേഖനങ്ങൾ ഞാൻ എഴുതികൊടുത്തു. ധാരാളം വായിക്കുകയും സ്വന്തം ആശയങ്ങൾ രൂപപ്പെടുത്തി അവയെല്ലാം ലേഖനത്തിലാക്കുന്നത് അന്ന് എനിക്ക് ഹർമായിരുന്നു. അങ്ങനെ ഗൗരവമുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യ്മ്പോഴും ചില നർമ്മ ഭാവനകളും, കവിതാ ശകലങ്ങളും ഒപ്പം കുറിച്ച് കൊണ്ടിരുന്നു. പഠിത്തം കഴിഞ്ഞ് അവിടെ തന്നെ അദ്ധ്യാപകനാകാനും കഴിഞ്ഞു. അദ്ധ്യാപനായിരിക്കുമ്പോൾ എം.ൻ. വിജയനേയും, സുകുമാർ അഴിക്കോടിനേയും പരിചയപ്പെടാൻ സാധിച്ചു. അവിടെ അദ്ധ്യാപകനായിരുന്ന ഡോക്റ്റർ കെ.എം. ജോർജ് ദെൽഹിയിൽ ജോലി കിട്ടിപോയപ്പോൾ അദ്ദേഹത്തിൻെറ

പദവി എനിക്ക് നൽകപ്പെട്ടു. ബൗദ്ധികമായ വികാസവും ഭൗതികമായ നേട്ടങ്ങളുമായി ജീവിതം മുന്നോട്ട് പോയിക്കൊണ്ടിരുന്നു.

ഇതിനിടയിലും മുണ്ടശ്ശേരി മാഷുമായുള്ള ഊഷ്മള ബന്ധം തുടർന്ന് കൊണ്ടിരുന്നു. സെൻറ് തോമസ് കോളേജിൽ വച്ച് ലേഖനകർത്താവായി എന്നെ തിരിച്ചറിഞ്ഞതിൽപ്പിന്നെ മാഷിനു എന്നോട് വളരെ സ്നേഹകൂടുതൽ ഉണ്ടായിരുന്നു. എന്നെ അതിൽ പിന്നെ " എടോ വിദ്വാൻ" എന്നാണു വിളിച്ചിരുന്നത്. കോളെജിൽ അദ്ധ്യാപന ജീവിതകാലം മാഷിനു അത്ര സുഖകരമായിരുന്നില്ല. വൈദിക മേധാവിത്വത്തോടല്ല അതിൻെറ സ്വാർത്ഥവും സങ്കുചിതവുമായ ചിന്താഗതികളോട് മാഷിനു യോജിക്കാൻ കഴിഞ്ഞിരുന്നില്ല. ആ മാനസിക സംഘർഷം മാഷിൻെറ അവിടത്തെ ജോലി നഷ്ടപ്പെടുത്തി. യൗവ്വനത്തിൻെറ ഉല്ലാസകരമായ നിമിഷങ്ങളിൽ ഒരു പൂതുമ്പിയെ പോലെ തേക്കിൻ കാട് മൈതാനത്തിലൂടെ ഒരു ദിവസം ഞാൻ നടന്നു വരുമ്പോൾ മുണ്ടശ്ശേരി മാഷിനെ കണ്ടു. മുഖം വളരെ വിളറി വിഷമിച്ചിരുന്നു. മാഷിനു എന്തു പറ്റിയെന്ന എൻെറ ചോദ്യത്തിനു : കാണേണ്ടവരെ കാണേണ്ട സമയത്ത് കാണുന്നു" എന്ന് പറഞ്ഞു മാഷ് സ്വയം സമാധാനിക്കാൻ ശ്രമിച്ചു. മനസ്സിലെ ദു:ഖങ്ങൾക്ക് എന്നെ കണ്ടപ്പോൾ ഒരു ശമനമുണ്ടായി എന്നാണു മാഷ് ഉദ്ദേശിച്ചത്. കോളെജിലെ ജോലി നഷ്ടമായ വേദനയോടെ മാഷ് കോളെജിൽ നിന്നും അപ്പോൾ മടങ്ങുകയായിരുന്നു.

അദ്ദേഹം രാഷ്ട്രീയത്തിൽ സജീവമായി തന്നെ നില കൊണ്ട്. ബാലറ്റ് വോട്ടിലൂടെ ഭാരതത്തിൽ ആദ്യമായി കമ്യൂണിസ്റ്റ് മന്ത്ര സഭ അധികാരത്തിൽ വന്നപ്പോൾ മുണ്ടശ്ശേരി മാഷ് വിദ്യാഭ്യാസ മന്ത്രിയായി. എടൊ വിദ്വാൻ, തനിക്ക് വേണ്ടി എന്തു ചെയ്ത് തരണമെന്ന് സ്നേഹപൂർവ്വം എന്നോട് ചോദിച്ചു. അത് ഒരു ഭംഗിവാക്കായിരുന്നില്ല. ഒരു പക്ഷെ ഞാനാവശ്യപ്പെടുന്ന ന്യായമായ എന്തും അദ്ദേഹം സാധിച്ചു തരുമായിരുന്നു. എല്ലാവരും ഒരു പക്ഷെ ആഗ്രഹിച്ച്പോകുന്ന നാട്ടിലെ കോളേജിൽ ഒരു ജോലി എത്രയോ അനായേസേനെ അദ്ദേഹത്തിനു ക്രമീകരിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ഞാൻ ഒന്നും ആവശ്യപ്പെട്ടില്ല. എൻെറ അപ്പനും അമ്മയും നൽകിയ നല്ല ജീവിത ദർശനങ്ങൾ എനിക്ക് എന്നും വഴികാട്ടിയായി കൂടെയുണ്ട്. പ്രലോഭനങ്ങൾക്ക് വഴങ്ങാതിരിക്കുകയെന്നതാണു ക്രുസ്തീയ മതത്തിൻെറ പൊരുൾ തന്നെ. നന്മയുടെ പ്രകാശം നൽക്കുന്ന വഴിയിലൂടെ കർത്താവിൻെറ വചനങ്ങൾ കൈപിടിച്ച് നടക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ആ പിടുത്തം വിടാതിരുന്നാൽ നമ്മൾ വീഴുകയില്ല. മുണ്ടശ്ശേരി മാഷിൽ നിന്നും ഒരു ഉപകാരം സ്വീകരിക്കുന്നത് ദോഷമല്ലെങ്കിലും എൻെറ മദ്രാസ് ജീവിതവും ജോലിയും സുഖമായതിനാൽ ഞാൻ അതിനു തുനിഞ്ഞില്ല.

ആശാൻ പാടിയപോലെ "ഹാ സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതി തൻ ത്രാസ് പൊങ്ങുന്നതും താനെ താണു പോവതും". ഞാനന്ന് മദ്രാസ്സിലെ താംബരത്ത് പഠിപ്പിക്കയാണു ഒരു സ്റ്റെയ്റ്റ് കാർ എൻെറ കോളെജ് പടിക്കൽ വന്നു നിന്നു. ഡ്രൈവർ എന്ന് അന്വേഷിച്ച് ഉള്ളിൽ വന്നു. ഞാൻ ചെന്നപ്പോൾ അത് മുണ്ടശ്ശേരി മാഷായിരുന്നു. നാട്ടിൽ രാഷ്ട്രീയ കോളിളക്കം നടക്കുന്നു. മന്ത്ര സഭ പിരിച്ച് വിടാൻ

ജനം സമരം ചെയ്യുന്നു. മാഷിൻെറ മുഖം മ്ലാനമായിരുന്നു. മാഷ് എന്നേയും കൂട്ടി അടുത്തുള്ള ഗെസ്റ്റ് ഹൗസ്സിൽ പോയി. അവിടെ അക്ഷമനായി മുറിയിൽ നടന്നു. എത്ര ഗാംഭീര്യത്തോടെ പ്രസംഗിക്കയും കുട്ടികളെ പഠിപ്പിക്കയും ചെയ്തിരുന്ന മഹാനായ മാഷിൻെറ അവസ്ഥ എന്നെ ഖേദിപ്പിച്ചു. ഞങ്ങൾ ഒന്നും മിണ്ടാതെ ഇരുന്നു. അല്ല, മാഷ് അസ്വസ്ഥനായി നടക്കയായിരുന്നു. തോളിൽ ഇടുന്ന ഷാൾ ഇടക്കിടെ നേരെയാക്കി ഇട്ടുകൊണ്ടിരുന്നു. വളരെ വലിയ ഒരു മാനസിക സംഘർഷം അദ്ദേഹത്തിൻെറ മനസ്സിൽ നടക്കയാണു. മലകളിളകിലും മഹാജനനം മനമിളകാം എന്ന് പറയുമെങ്കിലും ചില സമയം മനസ്സ് നമ്മുടെ പിടിയിൽ നിന്നും വിട്ടു പോകുന്നു. മൂകവും നിശ്ചലവുമായ ആ നിമിഷങ്ങൾക്ക് ഭാരവും ദൈർഘ്യവും തോന്നി. അപ്പോഴാണു ഒരു പ്യൂൺ വന്ന് പറയുന്നത് ഒരു ഫോണുണ്ട്. തിരുവനന്ത്പുരത്ത് നിന്നും മാഷിനോട് ആർക്കൊ സംസാരിക്കണം. മാഷ് എൻെറ മുഖത്ത് ഒന്നു നോക്കി. ഫോണിൽ സംസാരിച്ച് തിരിച്ച് വന്ന് വളരെ വിഷമത്തോടെ പറഞ്ഞു. വയലാർ രാമവർമ്മയായിരുന്നു.

വയലാർ കമ്യൂണിസ്റ്റ് അനുഭാവി ആണെങ്കിലും കവിയായിട്ടാണല്ലോ അറിയപ്പെടുന്നത്. അദ്ദേഹം എന്തിനു വിളിച്ചു എന്ന് ചോദിച്ചപ്പോൾ മാഷ് പറഞ്ഞു. അത് മാഷുടെ മകൾ കൊച്ചു മേരിയുടെ വിവാഹവിവരം അറിയിക്കാനായിരുന്നു.. മാഷ് അത് പറയുമ്പോൾ വികാരധീനനായിരുന്നു. ഒരച്ഛൻെറ മനോവികാരങ്ങളെക്കുറിച്ച് അന്നെനിക്കറിയില്ലായിരുന്നു. എന്തു പറയണമെന്നറിയാതെ ഞാൻ നിശ്ബദനായി അത് കേട്ടു. അപ്പോൾ എൻെറ മനസ്സിലേക്ക് ഒരു രംഗം തെളിഞ്ഞ് വന്നു. വർഷങ്ങൾക്ക് മുമ്പ് മുണ്ടശ്ശേരി മാഷ് ചൈനയിൽ പോയി മടങ്ങുമ്പോൾ മദ്രാസ്സിൽ ഒരു ഹോട്ടലിൽ തങ്ങിയിരുന്നു. എന്നെ കാണണമെന്ന് പറഞ്ഞ് വിളിച്ചിരുന്നു. ഞാൻ ചെന്നപ്പോൾ മാഷ് വളരെ സന്തോഷവാനായിരുന്നു. പെട്ടി തുറന്ന് ചൈനീസ് പട്ടിൽ തുന്നിയ ഒരു ഉടുപ്പ് എന്നെ കാണിച്ചു.. വളരെ മനോഹരമായിരുന്നു അത് കാണാൻ. ആഹ്ലാദം തിരതല്ലുന്ന മുഖത്തോടെ മാഷ് പറഞ്ഞു. ഇത് കൊച്ചു മേരിക്കാണ്. ആ കുട്ടിയാണു വിവാഹജീവിതത്തിലേക്ക് പ്രവേശിച്ചിരിക്കുന്നത്. ഒരച്ഛൻെറ ഹ്രുദയതുടിപ്പുകൾ എനിക്ക് കേൾക്കാമായിരുന്നു. ഇന്നും ആ രംഗം എൻെറ മനസ്സിൽ സജീവമായി നിൽക്കുന്നു. മഹാനായ ആ മനുഷ്യൻെറ ഓർമ്മകൾക്ക് മുന്നിൽ അക്ഷരങ്ങളാകുന്ന ഈ മെഴുകുതിരികൾ കൊളുത്തി ഞാൻ നമിക്കുന്നു. മുറുക്കി ചുവപ്പിച്ച ചുണ്ടിൽ പരക്കുന്ന ഒരു ചിരിയോടെ അങ്ങ് ദേവലോകത്ത് നിന്നും "എടൊ വിദ്വാൻ" എന്ന് എന്നെ മാഷ് വിളിക്കുന്നത് ഞാൻ കേൾക്കുന്നു. പവിത്രമായ ഒരു ഗുരു-ശിഷ്യബന്ധത്തിൻെറ വിവരണങ്ങൾക്ക് വാക്കുകൾ അപര്യാപ്തങ്ങളാണ്. എങ്കിലും എൻെറ തുടർന്നുള്ള എഴുത്തിൽ കൂടെ കൂടെ എൻെറ പ്രിയങ്കരനായ മാഷ് കടന്ന് വരും. (തുടരും)

*********************************************